

# ജീവനുള്ള ഇസ്‌ലാം

വായനാമുറി
●
ജമാൽ കടന്നപ്പള്ളി

**തൗഹീദിന്റെ** വിമോചനശക്തി കൃത്യമായി അടയാളപ്പെടുത്തുകയും ഇസ്‌ലാമിക പ്രവർത്തകർക്ക് വിപ്ലവാത്മകമായ അതിജീവനം ചൂണ്ടിക്കാട്ടുകയും ചെയ്യുന്ന വിശിഷ്ട രചനയാണ് ലോക പ്രശസ്ത ഇസ്‌ലാമിക ചിന്തകനായ റജാ ഗരോഡിയുടെ *ജീവനുള്ള ഇസ്‌ലാം.*

തൗഹീദിന്റെ സാമൂഹിക വിപ്ലവം, വികസനം: ഇസ്‌ലാമിന്റെ സമീപനം, പ്രപഞ്ചവീക്ഷണം, യോഗ്യനായ പ്രബോധകൻ, ഇസ്‌ലാമും സ്വാതന്ത്ര്യവും, ഇസ്‌ലാംബദൽ, സ്ത്രീ: ഖുർആനിക നിലപാട്, നീതിയുടെ വിപ്ലവം, മതം പരിവർത്തനത്തിന്, ഖുർആന്റെ പ്രായോഗിക വ്യാഖ്യാനം, ആശയസംവാദം, യൂറോപ്പിന്റെ പരാജയം, ശാസ്ത്രവും ടെക്നോളജിയും, മതത്തിന്റെ ആത്മാവ്, ഓപ്പൺ സൊസൈറ്റി, യൂറോപ്പ് നൽകിയത്.... എന്നിങ്ങനെ ഇരുപത്തിയെട്ട് ശീർഷകങ്ങൾക്കു കീഴിൽ സമൃദ്ധമായ ചിന്തയും ഉൾക്കാഴ്ചയും ഗ്രന്ഥകർത്താവ് പകർന്നു വെച്ചിട്ടുണ്ട്.



മത-രാഷ്ട്ര വിഭജനം ഇസ്‌ലാമിനേൽപിച്ച ആഘാതമാണ് ഗരോഡി ഒന്നാമതായി ചർച്ചക്ക് വിധേയമാക്കുന്നത്. മനുഷ്യന്റെ പരമാധികാരി ദൈവമാണ്. ദൈവത്തിന്റെ അധികാരം അവിഭാജ്യവും അവിഛിന്നവുമാണ്. മുഴുജീവിതവും തന്റെ സ്രഷ്ടാവും നിയന്താവുമായ ദൈവത്തിനു മാത്രം നാം സമർപ്പിക്കേണ്ടതാണ്. ഗരോഡിയുടെ വാക്കുകൾ: ''ദൈവത്തിനുള്ളത് ദൈവത്തിനും സീസർക്കുള്ളത് സീസർക്കും എന്ന പ്രഖ്യാപനം വ്യാജമായ ബോധനങ്ങൾക്കിടയാക്കി. സമൂഹവും വിശ്വാസവും തമ്മിൽ ഇതിലൂടെ വേർതിരിക്കപ്പെട്ടു. മതം വ്യക്തിയുടെ സ്വകാര്യതകളുടെ പ്രശ്നമാക്കി ഒതുക്കപ്പെട്ടു. അതേയവസരം രാജാധികാരികൾക്ക് ദൈവതുല്യമായ പരമാധികാരവും ഭരണശക്തിയും ലഭ്യമായി... അല്ലാഹുവിന്റെ പരമാധികാരവും അത്യുന്നതിയും അടിസ്ഥാനമാക്കി ജീവിതമൂല്യങ്ങൾ പരിരക്ഷിക്കുകയും സമൂഹത്തിന്റെ ക്ഷേമം ഉറപ്പുവരുത്തുന്ന സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ നയങ്ങൾ സ്വീകരിക്കുകയും ചെയ്തുകൊണ്ടുള്ള ഒരു വ്യവസ്ഥിതിയാണ് ഇസ്‌ലാം. ഇതാണ് ഖുർആന്റെയും സുന്നത്തിന്റെയും സവിശേഷത'' (പേജ് 17). വീണ്ടും എഴുതുന്നു: "അധികാരം അല്ലാഹുവിനു മാത്രമാണ്, നിയമദാതാവ് അല്ലാഹു മാത്രമാണ് എന്നീ അടിസ്ഥാനമൂല്യങ്ങൾ സർവ ഏകാധിപത്യ സംവിധാനങ്ങളെയും നിഷേധിക്കുകയാണ്. ദൈവത്തിന്റെ സർവശക്തിയും തങ്ങൾക്കുണ്ടെന്ന ഫിർഔന്റെ വാദത്തിന്റെ നിഷേധം" (പേജ് 23). മുതലാളിത്ത ജീവിതരീതി സമൂഹത്തിനു നൽകിയത് കുറേ സൂക്ഷ്മ വിഗ്രഹങ്ങളാണെന്ന് ഗരോഡി കണ്ടെത്തുന്നു: "യൂറോപ്യൻ ലോകം നിരീശ്വരമാണെന്നു മാത്രമല്ല ഒന്നിലധികം ദൈവരൂപങ്ങളെ സ്വീകരിക്കുക കൂടി ചെയ്തിരിക്കുന്നു. ഓരോ വ്യക്തിയും ഓരോ സമൂഹവും തങ്ങളുടെ താൽപര്യങ്ങൾക്കനുസരിച്ച് ദൈവത്തെ സൃഷ്ടിക്കുന്നു. അധികാരം, സമ്പത്ത്, സാങ്കേതികവിദ്യ, വർഗം, സമുദായം, ചിന്താഗതി തുടങ്ങിയ പരിഗണനകൾക്കനുസരിച്ചാണ് ദൈവത്തെ നിർമിക്കുന്നത്" (പേജ് 153).

വർത്തമാനകാലത്ത് തൗഹീദിന്റെ മൂന്നു വശങ്ങൾ നാം കൃത്യമായും വായിച്ചെടുക്കേണ്ടതുണ്ടെന്ന് റജാ ഗരോഡി ഉണർത്തുന്നു. തൗഹീദിന്റെ വിശ്വമാനവികത, പാരിസ്ഥിതിക വീക്ഷണം, വികസനസങ്കൽപം എന്നിവ. മനുഷ്യരെല്ലാം ദൈവസൃഷ്ടികളാണെന്ന അർഥത്തിൽ ഏകോദര സഹോദരങ്ങളാണ്. ദൈവേകത്വത്തിന്റെ അനിവാര്യതയാണ് മാനുഷ്യകത്തിന്റെ ഏകഭാവം. ഈ തത്ത്വം യൂറോപ്പിന്റെ 'വർഗചിന്ത'യുമായി ഏറ്റുമുട്ടുന്നതാണ്. വിശുദ്ധ ഖുർആന്റെ 'ഉമ്മത്ത്' എന്ന പ്രയോഗം സർവ മനുഷ്യരെയും ഉൾക്കൊള്ളുന്ന സമൂഹത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. ഈ മനുഷ്യസാ

"യൂറോപ്യൻ ലോകം നിരീശ്വരമാണെന്നു മാത്രമല്ല ഒന്നിലധികം ദൈവരൂപങ്ങളെ സ്വീകരിക്കുക കൂടി ചെയ്തിരിക്കുന്നു. ഓരോ വ്യക്തിയും ഓരോ സമൂഹവും തങ്ങളുടെ താൽപര്യങ്ങൾക്കനുസരിച്ച് ദൈവത്തെ സൃഷ്ടിക്കുന്നു. അധികാരം, സമ്പത്ത്, സാങ്കേതികവിദ്യ, വർഗം, സമുദായം, ചിന്താഗതി തുടങ്ങിയ പരിഗണനകൾക്കനുസരിച്ചാണ് ദൈവത്തെ നിർമിക്കുന്നത്."

ഹോദര്യം പടിഞ്ഞാറിനറിയില്ല.

പരിസ്ഥിതി തകർച്ചയും പടിഞ്ഞാറിന്റെ സൃഷ്ടിയാണ്. ഇത് വിശ്വാസത്തിന്റെ മൂശയിൽ വീണ്ടെടുക്കേണ്ടത് നമ്മുടെ കടമയത്രെ. മനുഷ്യനും പ്രകൃതിയും തമ്മിൽ ശത്രുതയുടേതല്ല, പാരസ്പര്യത്തിന്റെ ഊഷ്മളതയാണ് വേണ്ടത്. ഗരോഡിയുടെ വാക്കുകൾ: “പ്രകൃതിയുമായുള്ള മനുഷ്യബന്ധത്തെ നിയന്ത്രിക്കുന്നത് വിശ്വാസം തന്നെയാണ്. മനുഷ്യൻ ഭൂമിയിൽ അല്ലാഹുവിന്റെ ഖലീഫയാണ്. പ്രകൃതിയുടെ സന്തുലിതാവസ്ഥ ഉറപ്പുവരുത്താൻ അവൻ ബാധ്യസ്ഥനാണ്. ഈ സന്തുലിതാവസ്ഥ തന്നെയാണ് പരിസ്ഥിതിയെന്ന് നാമിന്നു പറഞ്ഞുവരുന്നത്. അല്ലാഹു സൃഷ്ടിച്ച പ്രകൃതിയെ സംരക്ഷിക്കുക. പ്രകൃതിയെ ദുഷിപ്പിക്കാനും ചൂഷണം ചെയ്യാനും പാടില്ല. കൃഷി ചെയ്യാതെ ഭൂമിയെ തരിശാക്കി ഉപേക്ഷിക്കാനും ഒന്നാകെ വെട്ടിനിരത്തി മരുഭൂമിയാക്കി നശിപ്പിക്കാനും പാടില്ല” (പേജ് 150).

മുതലാളിത്തത്തിന്റെ വകതിരിവില്ലാത്ത വികസനസങ്കൽപത്തെ ഗരോഡി പേജുകളോളം കീറിമുറുക്കുന്നുണ്ട്. ഭൗതിക പ്രത്യയശാസ്ത്രങ്ങൾ എന്തുകൊണ്ട് മൂല്യനിഷ്ഠമായ ഒരു വികസനകാഴ്ചപ്പാട് മുന്നോട്ടുവെക്കുന്നില്ല എന്ന ചോദ്യത്തിന് ഗരോഡി ഇങ്ങനെ ഉത്തരം പറയുന്നു: “ദൈവസൃഷ്ടിയുടെ ഒരനുബന്ധമാണ് താണെന്ന ബോധം ഇവ മനുഷ്യനു നൽകുന്നില്ല. തന്റെ ഇംഗിതത്തേക്കാൾ ഉന്നതമായ ഒരു ഇഛാശക്തിക്ക് കീഴടങ്ങുക എന്ന ചിന്തയുടെ അനിവാര്യത ഈ രണ്ടു വ്യവസ്ഥിതികളും അംഗീകരിക്കുന്നില്ല. ദൈവത്തിന്റെ ദൃഷ്ടാന്തങ്ങൾ കണ്ടെത്തുക, സന്ദേശങ്ങൾ ചെവികൊള്ളുകയും ദൈവത്തിന്റെ വിളികേൾക്കുകയും ചെയ്യുകയെന്ന ചിന്തയെ പൂർണമായും നിരസിക്കുകയാണിവ. മനുഷ്യനെ കുറിച്ച അത്യധികം ലാഘവപൂർണമായ ഈ വീക്ഷണം മൂലം കാപിറ്റലിസവും സോഷ്യലിസവുമെല്ലാം നശീകരണാത്മകമായ വൈരുധ്യത്തിലേക്കാണ് സാമ്പത്തിക വ്യവസ്ഥിതിയെ നയിച്ചത്. അനിയന്ത്രിതമായ വിധത്തിൽ മനുഷ്യന്റെ ആവശ്യങ്ങൾ വർധിച്ചു. ആധിപത്യവും വികസനവും എന്ന അധികാരി വർഗത്തിന്റെ ലക്ഷ്യങ്ങൾ കൊണ്ടുള്ള ഉൽപാദനത്തിനനുസരിച്ചാണ് ഉപഭോക്താവിന്റെ ആവശ്യങ്ങൾ സങ്കീർണമായ വിധത്തിൽ വർധിച്ചത്” (പേജ് 143). ഇതിന്റെ മികച്ച ‘ഇര’യായി ആഫ്രിക്കൻ രാജ്യങ്ങളെ ഗരോഡി പരിചയപ്പെടുത്തുന്നു: “പതിനാല് ആഫ്രിക്കൻ രാഷ്ട്രങ്ങൾ തങ്ങളുടെ വരുമാനത്തിന്റെ മുഖ്യഭാഗം ചെലവഴിക്കുന്നത് ആഡംബരജീവിതത്തിനാണ്. കാർഷികാവശ്യങ്ങൾക്കുവേണ്ടി ട്രാക്ടർ വാങ്ങാൻ ഉപയോഗിക്കുന്നതിന്റെ ഇരട്ടി ധനമാണ് സ്വകാര്യ വാഹനങ്ങൾ വാങ്ങിക്കൂട്ടാൻ അവർ ഉപയോഗിക്കുന്നത്. കാർഷികോപകരണങ്ങൾക്കു വേണ്ടി ഉപയോഗിക്കുന്നതിന്റെ മൊത്തം സംഖ്യയുടെ ഇരട്ടിയാണ് സൗന്ദര്യവർധക വസ്തുക്കൾക്കും സുഗന്ധ വസ്തുക്കൾക്കുമായി ഇവർ ചെലവഴിക്കുന്നത്. ഭൂമിയുടെ പുഷ്ടിക്കുവേണ്ടി വളം വാങ്ങാൻ ഉപയോഗിക്കുന്നതിന്റെ മൂന്നിരട്ടിയാണ് ലഹരി വസ്തുക്കൾക്കായി ഈ കാർഷിക രാജ്യങ്ങൾ തുലക്കുന്നത്” (പേജ് 102).

ഒരു ഉൽപന്നത്തിന്റെ, ഒരു ഇറക്കുമതിയുടെ പിന്നിൽ കൃത്യമായ ഒരു ‘ഒളിയജണ്ട’യുണ്ടെന്ന് റജാ ഗരോഡി നമ്മെ ഉണർത്തുന്നുണ്ട്. അതുകൊണ്ടുതന്നെ ത്യാജ്യഗ്രാഹ്യ ബുദ്ധിയോടെ വേണം എന്തും കൊള്ളാൻ. അദ്ദേഹം എഴുതുന്നു: “ടെക്നോളജിയെ സൂക്ഷിച്ചു സമീപിക്കുമ്പോൾ തന്നെ നിരൂപണാത്മകമായി വിലയിരുത്തുകയും വേണം. സാങ്കേതികരംഗത്ത് കുറ്റവിമുക്തമായ ഒരു ഇറക്കുമതിയില്ല. ലക്ഷ്യത്തെക്കുറിച്ച് അകക്കാഴ്ചയില്ലാത്ത, തത്ത്വങ്ങളുമായി ബന്ധമില്ലാത്ത ഏതു വിജ്ഞാനത്തിന്റെയും ഇറക്കുമതിയോടൊപ്പം പ്രത്യേകതരം ‘ഐഡിയോളജി’യും വിപണനം ചെയ്യപ്പെടുന്നുണ്ട്” (പേജ് 102).

ഇസ്‌ലാമിക പ്രവർത്തനങ്ങളെ പറ്റി പറയുമ്പോൾ, പ്രബോധകർ ആത്മസംയമനം ശീലിക്കേണ്ടതിന്റെ ആവശ്യകത ഗരോഡി അടിവരയിടുന്നു. ‘സായുധ പ്രതിരോധം’ പോലുള്ള നിലവാരം കുറഞ്ഞ ചിന്തകൾ ഇസ്‌ലാമിന്റെ ആത്മാവിനെ തന്നെ അപകടപ്പെടുത്തുമെന്ന് ഗരോഡി നിരീക്ഷിക്കുന്നു. ഇതിനുള്ള മികച്ച ഉദാഹരണമായി ഇന്ത്യയെയാണ് അദ്ദേഹം കാണുന്നത്: “മേധാവിത്വപരമായ സമീപനങ്ങൾ സ്വീകരിച്ചുകൊണ്ട് പ്രബോധിതനെ സമ്മതിപ്പിക്കണമെന്ന നയം സംവാദത്തിലുണ്ടാവരുത്. ഇരു വിഭാഗവും പരസ്പരം പങ്കിടുകയും സ്വീകരിക്കുകയും ചെയ്യുന്ന വിഷയങ്ങൾ കണ്ടെത്തുകയും ആ വഴിക്ക് ഏകീകരണമുണ്ടാക്കുകയുമാണ് സംവാദത്തിലൂടെ സാധ്യമാകുന്നത്. സ്വീകാര്യവും ചിന്താപരവുമായ രീതിയിൽ പ്രബോധിതന്റെ വിശ്വാസത്തിന്റെ പരിമിതികളും ന്യൂനതകളും അവരെ ബോധ്യപ്പെടുത്തി കൊടുക്കാനും പ്രദർശിപ്പിക്കാനും സംവാദം വഴിയൊരുക്കും.. ഇന്ത്യയിൽ ഏതെങ്കിലും പ്രവാചകൻ വന്നതായി ഖുർആൻ പറയുന്നില്ല. അതേയവസരം ഖുർആന്റെ ഭാഷ ഈ സാധ്യതയെ നിഷേധിക്കുന്നുമില്ല” (പേജ് 64).

ഇസ്‌ലാം ആരാധനകളുടെയോ പൂജാപാട്ടുകളുടെയോ ഒരു ‘മത’മല്ലെന്നും പ്രത്യുത ജീവിതത്തിന്റെ എല്ലാ മേഖലകളിലും വിധിവിലക്കുകളുള്ള സമഗ്രവും സമ്പൂർണവുമായ ജീവിതരീതിയാണെന്നും അത് നിലവിൽ വരാൻ പക്ഷേ, നാം പണിയെടുക്കേണ്ടതുണ്ടെന്നും ‘ജീവനുള്ള ഇസ്‌ലാം’ നമ്മെ ഓർമപ്പെടുത്തുന്നു: “ഈ പിച്ചിച്ചീന്തപ്പെട്ട ഭൂമിയിൽ അല്ലാഹുവിന്റെ ഏകത്വത്തിന്റെ പ്രമാണങ്ങളായിത്തീരുകയും അതിനായി ദൈവനാമത്തിൽ സമരം ചെയ്യുകയും വേണം. സാമ്പത്തിക സമത്വം നേടിയെടുക്കാനും രാഷ്ട്രീയത്തിലും ശാസ്ത്രരംഗത്തും കലാരംഗത്തുമൊക്കെ സദാചാരബോധവും നിഷ്ഠയും പുലരാനുള്ള ശ്രമങ്ങൾ നടത്തുകയും വേണം. സമ്പൂർണവും വിശാലവുമായ ഇസ്‌ലാമിനെ യഥാർഥമാക്കാൻ ഈവിധത്തിലേ കഴിയുകയുള്ളൂ.'' ഇതിനു പക്ഷേ ഇസ്‌ലാമിക പ്രവർത്തകർ തങ്ങളിലെ ആലസ്യത്തെ തകർത്തെറിയണം. കൂടുതൽ ഉന്മേഷത്തോടെ കർമരംഗത്തിറങ്ങണം. “ഇസ്‌ലാമിന്റെ ശക്തമായ പ്രയാണത്തിനു മുന്നിൽ തടസ്സമായി നിൽക്കുന്ന രണ്ട് പ്രധാന കാരണങ്ങൾ ഇവയാണ്: ഒന്ന്, ഉള്ളത് മതിയെന്ന ചിന്ത. രണ്ട്, പ്രബോധന പ്രവർത്തനങ്ങളിൽ ഏർപ്പെടാതെ അവനവന് കൈവരിച്ച ആദർശവുമായി ഒതുങ്ങിക്കൂടുന്ന പ്രവണത” (പേജ് 43). അതോടൊപ്പം പ്രബോധന പ്രവർത്തനങ്ങൾ ‘മൗലവി’മാർക്കോ ‘മൗലാന’മാർക്കോ സംവരണം ചെയ്യപ്പെട്ടിട്ടില്ല. എന്നല്ല സംഗതി മറിച്ചാണെന്നു പോലും ഗരോഡി പറയുന്നു: “ഇസ്‌ലാമിന്റെ പ്രബോധനത്തിനും അല്ലാഹുവിന്റെ സന്ദേശമെത്തിക്കുന്നതിനും അവൻ നിയോഗിച്ചത് ഒരു പണ്ഡിതനെയല്ല. മറിച്ച് സൗമ്യഭാഷിയായ മനുഷ്യനെയാണ്. മൂസാനബിയെ പോലെ ഒരിടയൻ. ഈസാനബിയെ പോലെ ഒരു മരപ്പണിക്കാരൻ. ഒരു കച്ചവടക്കാരൻ, മുഹമ്മദ് നബിയെപോലെ” (പേജ് 139).

‘ജീവനുള്ള ഇസ്‌ലാം’ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചിരിക്കുന്നത് പൂങ്കാവനം ബുക്സ് ആണ്. പി.എം.കെ ഫൈസിയാണ് വിവർത്തകൻ. സ്വൽപം അച്ചടിപ്പിശകുകളും ഭാഷാ കെട്ടിക്കുടുക്കും ഒഴിച്ചുനിർത്തിയാൽ എടുത്തുപറയത്തക്ക ന്യൂനതയൊന്നും ഗ്രന്ഥത്തിനില്ല. റജാ ഗരോഡിയുടെ ഇസ്‌ലാമാശ്ലേഷണത്തിനു വഴിയൊരുക്കിയ വധശിക്ഷയെക്കുറിച്ചും ആരാച്ചാരുടെ സത്യസാക്ഷ്യത്തെക്കുറിച്ചും ആമുഖമായി ചേർത്തത് ഉചിതമായി. 200 പേജുള്ള പുസ്തകം കെട്ടിലും മട്ടിലും മനോഹരമാണ്. വില 80 രൂപ. ■